

എല്ലാ മാസത്തെയും ഒന്നാം തീയതി ഈശോ ആനിലൂടെ തന്റെ ശുശ്രൂഷയെക്കുറിച്ചുള്ള ദൗത്യത്തിന് ഒരു പുതിയ സന്ദേശം നല്കുന്നു.

നവംബർ 1, 2011

ഈശോ

എന്റെ പ്രിയപ്പെട്ട അപ്പസതോലരെ, ഞാൻ നിങ്ങളോട് കൂടെയുണ്ട്. നിങ്ങൾ ജോലി ചെയ്യുമ്പോൾ നിങ്ങളോട് കൂടെയുണ്ട്, നിങ്ങൾ വിശ്രമിക്കുമ്പോൾ ഞാൻ നിങ്ങളോട് കൂടെയുണ്ട്. നിങ്ങൾ സമാധാനത്തിലായിരിക്കുമ്പോൾ ഞാൻ നിങ്ങളോട് കൂടെയുണ്ട്, നിങ്ങൾ അസ്വസ്ഥരായിരിക്കുമ്പോഴും ഞാൻ നിങ്ങളോടു കൂടെയുണ്ട്. നിങ്ങളുടെ അസ്വസ്ഥത കുറഞ്ഞുകുറഞ്ഞു വരുന്നു. നിങ്ങളുടെ വിശുദ്ധീകരണത്തിനും എന്റെ ഹിതത്തിനുമായി നിങ്ങൾ പോരാടുന്നത് ഞാൻ നോക്കുമ്പോൾ നിങ്ങൾ ഉന്നതി പ്രാപിക്കുന്നതായി ഞാൻ കാണുന്നു. നിങ്ങൾ ശക്തരായിരിക്കുകയും എന്നെ പ്രതീക്ഷിക്കുകയും ചെയ്യുന്നു. മാനുഷികമായ നിങ്ങളുടെ ചാഞ്ചല്യം അനുവദിക്കുന്നതോടൊപ്പം, ഓരോ ദിവസവും എന്റെ സാന്ത്വനം നിങ്ങൾ സ്വീകരിക്കുന്നതുവഴി, പ്രലോഭനങ്ങളെ ചെറിയ സഹനങ്ങൾവഴി അതിജീവിക്കുവാൻ നിങ്ങൾക്ക് സാധിക്കുന്നു. ഏറ്റവും വലിയ സഹനം മറ്റുള്ളവരാൽ ഉപേക്ഷിക്കപ്പെടുന്നതാണ്. നിങ്ങൾക്ക് വേണ്ടപ്പെട്ടവരുടെ സ്നേഹവും സാന്ത്വനവും കൊതിക്കുകയും, അവരാൽ പരിത്യജിക്കപ്പെടുകയും ചെയ്യുന്നതാണ് ഏറ്റവും വലിയ കുരിശ്. എന്റെ സ്നേഹിതരെ, പലപ്പോഴും മാനുഷിക ബന്ധങ്ങളിൽ ചിന്താക്കുഴപ്പം ഉണ്ടാകുകയും അത് ദാരുണമായ പ്രയാസങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. കുരിശിന്റെ ഈ ഭാഗം തീർച്ചയായും, ഭാരമുള്ളതാണ്, ഞാൻ തന്നെയും ഇത് അനുഭവിക്കുകയും ചെയ്തു. ഈ സന്ദർഭങ്ങളിലാണ് ഉത്കൃഷ്ടവും വളരെ മൃദുലവുമായ കൃപാവരങ്ങൾകൊണ്ട് ഞാൻ നിങ്ങളെ സാന്ത്വനിപ്പിക്കുന്നത്, കാരണം ഉപേക്ഷിക്കപ്പെടുന്നതിലെ ചിന്താക്കുഴപ്പം എനിക്ക് നന്നായി മനസ്സിലാകും. എന്നെ സംബന്ധിച്ചിടത്തോളം എന്റെ പിതാവ് എന്നെ ഉപേക്ഷിക്കുകയില്ല എന്ന് എന്നെത്തന്നെ ഓർമ്മപ്പെടുത്തുന്നത് വളരെ ആവശ്യമായിരുന്നു. നിങ്ങളെ സംബന്ധിച്ചും ഇത് വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഞാൻ നിങ്ങളെ ഒരിക്കലും ഉപേക്ഷിക്കുകയില്ല. നിങ്ങൾ സ്നേഹിക്കുന്ന ഏതെങ്കിലും ഒരു വ്യക്തിയാൽ മരണമോ തിരസ്കരണമോവഴി ഉപേക്ഷിക്കപ്പെടുകയാണെന്ന് നിങ്ങൾക്ക് തോന്നിയാൽ സാന്ത്വനത്തിനായി എന്റെ അടുക്കലേക്ക് തീർച്ചയായും വരണം. സ്വർഗത്തിൽ കണ്ണീരും, ദുഃഖവും, ഹൃദയഭേദകമായ വേദനയും ഒന്നുമില്ലെന്ന് ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നു. സ്വർഗത്തിൽ നിങ്ങൾ സ്നേഹത്തിൽ ഒന്നായിത്തീരുകയും, എന്നെ സ്നേഹിക്കുന്നവരുമായും ഒന്നായിത്തീരും. നിങ്ങളേക്കാൾ മുമ്പേ പോയവരേക്കുറിച്ച് ഒരിക്കലും സങ്കടപ്പെടരുത്. അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും എന്നെ ആശ്രയിക്കുകയും ചെയ്യുക. ദൈവത്തിന്റെ കുടുംബം വളരെ വിശാലമായതും, നിങ്ങൾക്ക് അറിയാവുന്നവരും നിങ്ങൾക്ക് അറിയാൻ പാടില്ലാത്തവരും അടങ്ങിയതുമാണ്. ഈ സന്ദേശം നിങ്ങൾ വായിക്കുകയും എന്നെ നിങ്ങളുടെ രാജാവായി സ്വീകരിക്കുകയും ചെയ്യുമ്പോൾ ഈ നിമിഷം സ്വർഗം നിങ്ങളെയോർത്ത് സന്തോഷിക്കുന്നു. ലോകത്തിൽ കുരിശായിരുന്നു എന്റെ സിംഹാസനം. നിങ്ങളുടെ സഹനത്തിൽ സ്വർഗം നിങ്ങളെയോർത്ത് സന്തോഷിക്കുന്നു. നിങ്ങൾ പരിത്യജിക്കപ്പെടുകയോ വിസ്മരിക്കപ്പെടുകയോ ഇല്ല. ഞാൻ നിങ്ങളോട്കൂടെ ഉണ്ടായിരിക്കുകയും നിങ്ങളെക്കുറിച്ചുള്ള സ്വർഗീയ പദ്ധതിക്കായി നമ്മൾ മുമ്പോട്ട് നീങ്ങുകയും ചെയ്യും. അപ്പസ്തോലരെ, ധൈര്യമായിരിക്കുക. സ്വർഗം മുഴുവനും നിങ്ങളെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യും.

**നമ്മുടെ കാലത്തിനുള്ള മാർഗദർശനം**

**അത്മായ അപ്പസ്തോലയായ ആനിന് നൽകപ്പെട്ടത്.**

കൂടുതൽ വിവരങ്ങൾക്ക്:
www.directionforourtimes.com

Dr. Sunny George
Mob : 940 076 4696
E-mail : geosunny@gmail.com